(1)	(2)	(3)
9	കേരള വന ഉല്പന്നങ്ങളിൽ നിന്നുള്ള വരവുകൾ (1978-ലെ വില്പന വില നിശ്ചയിക്കുന്ന ആക്ട്)	
	1. യുക്കാലിപ്റ്റസ് മരം	411.06
	2. മുള	179.10
	3. ഈറ്റ	611.54
	4. മറ്റ് വർഗ്ഗങ്ങൾ	231.82
10.	മറ്റിനങ്ങൾ	122.35
	ആകെ	19,461.05

കാട്ടാനകളെ സംരക്ഷിക്കാൻ നടപടി

89 [639] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ആനകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഓരോ വർഷവും എത്ര ആനകൾ സംസ്ഥാനത്ത് എത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ആനകളെ ക്രൂരമായി കൈകാര്യം ചെയ്യുന്നതുമൂലം നിരവധി ആനകൾ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ ക്രൂരത അവസാനിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ വനങ്ങളിലാണ് ആനകൾ ഉള്ളതെന്ന് വ്യക്തമാക്കാമോ ; ഇവയുടെ സംരക്ഷണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2005-ൽ നടത്തിയ കണക്കെടുപ്പ് പ്രകാരം 5135 കാട്ടാനകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) ഈ വിവരം ലഭ്യമല്ല.

(സി) ഇത്തരത്തിലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതവസാനിപ്പിക്കുവാൻ 1972-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്റ്റ് അനുസരിച്ചും, 2003-ലെ കേരള ക്യാപ്റ്റീവ് എലിഫന്റ്സ് (മാനേജ്മെന്റ് ആന്റ് മെയിന്റനൻസ്) റൂൾസ് അനുസരിച്ചും കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) കേരളത്തിൽ വയനാട്, നിലമ്പൂർ, ആനമുടി, പെരിയാർ എന്നീ എലിഫന്റ് റിസർവുകളിലാണ് ആനകളെ കണ്ടുവരുന്നത്. കാട്ടാനകളുടെ സംരക്ഷണത്തിനായി 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഉപരിയായി വനാന്തരങ്ങളിൽ പ്രൊട്ടക്ഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചും പതിവായുള്ള പട്രോളിംഗ് ഏർപ്പെടുത്തിയും സംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് വാർത്താവിനിമയ സൗകര്യങ്ങളും, ആയുധങ്ങളും നൽകിയും സംരക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സംരക്ഷിക്കാൻ നടപടി

90 [641] ശ്രീ. കെ. എ. ചന്ദ്രൻ :

" എം. കെ. പോൾസൺ മാസ്റ്റർ :

" കെ. സുധാകരൻ :

" കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗസ്ത്യവനം ബയോളജിക്കൽ പാർക്കായി പ്രഖ്യാപിക്കപ്പെട്ടത് എന്നാണ്; ഈ ബയോളജിക്കൽ പാർക്കിന്റെ പ്രത്യേക സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിരിക്കുന്നു ;

(ബി) ഇതിന്റെ സംരക്ഷണ നടപടികൾ നിർത്തിവയ്ക്കുകയോ, സംരക്ഷണ നടപടികളിൽ കുറവ് വരുത്തുകയോ ചെയ്തിട്ടുണ്ടോ ;

(സി) കോട്ടൂർ റെയിഞ്ച് ഈ ബയോളജിക്കൽ പാർക്കിന്റെ ഭാഗമാണോ ; ഈ റെയിഞ്ചിനെ സമീപ റെയിഞ്ചുകളിൽ ലയിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) അഗസ്ത്യവനം ബയോളജിക്കൽ പാർക്കായി പ്രഖ്യാപിക്കപ്പെട്ടത് 31-3-1992-ലെ ജി.ഒ. (എം.എസ്.) 23/92/വനം എന്ന ഉത്തരവ് പ്രകാരമാണ്. പാർക്കിന്റെ പ്രത്യേക സംരക്ഷണം കണക്കിലെടുത്ത് തയ്യാറാക്കിയ ഒന്നാംഘട്ട പ്ലാൻ ശരിയായ രീതിയിൽ നടപ്പാക്കാൻ സാധിച്ചിട്ടില്ല. കാപ്പുകാട് ഭാഗത്ത് ഭരണ വിഭാഗ ബ്ലോക്കിന്റെ നിർമ്മാണം ആരംഭിച്ചുവെങ്കിലും പൂർത്തീകരിച്ചിട്ടില്ല. എന്നാൽ പ്രക്ഷീണ വനങ്ങളുടെ പുനരുജ്ജീവന പ്രവർത്തനങ്ങളും മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങളും കാട്ടുതീ തടഞ്ഞുകൊണ്ടുള്ള വന സംരക്ഷണ പ്രവർത്തനങ്ങളും വനവൽക്കരണ പരിപാടിയും വനം, വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 1995 മുതൽ ഈ പ്രദേശത്ത് ഒന്നാം ഘട്ടത്തിന്റെ പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള വനവൽക്കരണ ജോലി മാത്രം ചെയ്താൽ മതിയെന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ സംരക്ഷണ പ്രവർത്തികളിൽ കുറവ് വരുത്തിയിട്ടില്ല.

(സി) ഈ റെയിഞ്ചിന്റെ പേര് അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് (സ്പെഷ്യൽ) എന്നാണ്. ഇതിനെ സമീപ റെയിഞ്ചുകളിൽ ലയിപ്പിക്കുവാൻ ഉദ്ദേശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly